**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1257** **10-08-2023 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാംസ്കാരിക വകുപ്പ് മുഖാന്തരം കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | **വിശദ വിവരങ്ങൾ അനുബന്ധം I ൽ ചേർക്കുന്നു** |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങളിൽ തബല ഉപകരണ സംഗീതമായി ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ തബല ഉപകരണ സംഗീതത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത മാനദണ്ഡങ്ങളിൽ തബല ഉപകരണ സംഗീതമായി ഉൾപ്പെട്ടിട്ടില്ല. തബല ഉപകരണ സംഗീതത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ച് വരുന്നു. |
| (സി) | ഏതെല്ലാം സംഗീത ഉപകരണങ്ങളിൽ പ്രാവീണ്യമുള്ള കലാകാരന്മാരെയാണ് പെൻഷൻ അനുവദിക്കുന്നതിനായി അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | **വിശദ വിവരങ്ങൾ അനുബന്ധം II ൽ ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

| സ്ഥാപനം | ക്ഷേമപെൻഷൻ | ക്ഷേമ പെൻഷൻ -അർഹത മാനദണ്ഡങ്ങൾ |
|---|---|---|
| സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം | കലാകാര പെൻഷൻ | 11.08.2017 -ലെ സ.ഉ (കൈ) നമ്പർ 21/2017 സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ചട്ടങ്ങൾ അനുസരിച്ചാണ് കലാകാര പെൻഷന് അപേക്ഷകൾ പരിഗണിക്കുന്നത്. 60 വയസ്സ് പൂർത്തിയായിട്ടുള്ളവരും വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവരുമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷി ക്കാവുന്നതാണ്.<br>കലാകാര പെൻഷന് അപേക്ഷ സമർപ്പിക്കുന്ന വ്യക്തികൾ വികലാംഗ പെൻഷനൊഴികെ മറ്റ് ക്ഷേമ പെൻഷനുകളോ സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമ നിധി ബോർഡ് പെൻഷനുകളോ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് കലാകാര പെൻഷൻ വിതരണം ചെയ്തു തുടങ്ങുന്നത്.<br>പെൻഷൻ മുടക്കം കൂടാതെ ലഭിക്കുന്നതിന് ഗുണഭോക്താവ് വർഷത്തിൽ ഒരു തവണ (നവംബർ മാസം) ലൈഫ് സർട്ടിഫിക്കറ്റും അഞ്ച് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വ്യക്തികളുടെ പെൻഷൻ താത്കാലികമായി തടഞ്ഞു വയ്ക്കുകയും ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കുടിശ്ശിക സഹിതം പെൻഷൻ വിതരണം ചെയ്യുകയും ചെയ്യുന്നു. |
| കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി | പെൻഷൻ | കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത |

| | | |
|---|---|---|
| ബോർഡ്. | | നിബന്ധനപ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പർ ആന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 4000 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകി വരുന്നത്. സൂപ്പർ ആന്വേഷൻ പെൻഷനു വേണ്ടി 5-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ ക്ഷേമനിധി ബോർഡ് സെക്രട്ടറിയ്ക്ക് ഓൺലൈൻ മുഖേന സമർപ്പിക്കേണ്ടതാണ്. |
| | കുടുംബ പെൻഷൻ | കുറഞ്ഞത് രണ്ട് വർഷം അംശദായം അടച്ച ഒരു അംഗമോ, പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ യഥാർത്ഥ അവകാശികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച് ഫാമിലി പെൻഷന് അപേക്ഷ നൽകാവുന്നതും പ്രതിമാസം - 1100 രൂപ, ഫാമിലി പെൻഷന് അർഹതയുണ്ടായിരിക്കുന്നതും ആണ്.<br>കുടുംബ പെൻഷന് അപേക്ഷിക്കുന്നയാൾ അപേക്ഷയോടൊപ്പം അംഗത്തിന്റെ, ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട അംഗവുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫിസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായ ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ |

| | | |
|---|---|---|
| | | പെൻഷന് അർഹരല്ലാതായി തീരുന്നതാണ്. കുടുംബ പെൻഷനു വേണ്ടിയുള്ള അപേക്ഷ അംഗത്തിന്റെ മരണ തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്. കുടുംബ പെൻഷനു വേണ്ടി 7–ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ ഓൺലൈൻ മുഖേന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |
| | അവശതാ പെൻഷൻ | ക്ഷേമനിധിയിൽ കുറഞ്ഞത് 5 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശത മൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ അത് അടച്ച് അംഗത്വം നിലനിറുത്തുന്ന പക്ഷം പ്രതിമാസ അവശതാപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേയ്ക്ക് സർക്കാർ സർവ്വീസിലെ ഒരു സിവിൽ സർജന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അവശതാ പെൻഷന് വേണ്ടി 6–ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ ഓൺലൈൻ മുഖേന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |
| കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി | അവശ കലാകാര പെൻഷൻ | 31.12.2003 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.530/ 2003/ സി.എ.ഡി പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് കലാകാര പെൻഷൻ നൽകുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

## അനുബന്ധം II

11/08/2017-ലെ സ.ഉ (കൈ) 21/2007/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള കേരള സംസ്ഥാന കലാകാരപെൻഷൻ പദ്ധതിയ്ക്കുള്ള പരിഷ്കരിച്ച ചട്ടങ്ങളിൽ വാദ്യോപകരണങ്ങൾ ഉൾപ്പെടെ ചുവടെ കൊടുത്തിട്ടുള്ള കലാരൂപങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാൻറ്, വാദ്യം, നാടൻ കലകൾ, മേള പ്രമാണിമാർ

**കേരളീയ ക്ഷേത്രകലകൾ**

I.. വാദ്യകലകൾ - മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില,
മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്.

ii.ക്ലാസ്സിക് കലകൾ - പാടവം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്,
നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം

iii. ക്ഷേത്ര ശില്പകല - തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ

iv. ചിത്രകല .- ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ
മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.

v. നാടൻ കലാരൂപങ്ങൾ - തെയ്യം, തിറ, പടയണി,മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കരശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമിക്കളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്. ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി.

vi. ആദിവാസി കലകൾ . പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ കംബകളി എന്നീ ഗോത്രകലകൾ)